# കുടിവെള്ളം, ശുചിത്വം: ഗ്രാമസഭ/വാർഡ്സഭ മെമ്പർമാർക്കുള്ള പരിശീലന പരിപാടി

## ബ്ലോക്ക്-ജില്ലാ കോ ഓർഡിനേറ്റർമാർക്കുള്ള നിർദ്ദേശങ്ങൾ

1. ഓരോ തലത്തിലുമുള്ള പരിശീലനങ്ങൾക്ക് ശേഷം താഴെ പറയും പ്രകാരം ഫോറങ്ങൾ ഏല്പിക്കേണ്ടതാണ്.

| ക്രമ നം | പരിശീലനം | വാർഡ്ചുമതലയുള്ള ബ്ലോക്ക് റിസേഴ്സ് ടീം അംഗം ബ്ലോക്ക് കോ ഓർഡിനേറ്ററെ ഏല്പിക്കേണ്ടവ | തദ്ദേശഭരണസ്ഥാപന ചുമതലയുള്ള ബ്ലോക്ക് റിസോഴ്സ് പേഴ്സൺ ബ്ലോക്ക് കോ ഓർഡിനേറ്ററെ ഏല്പിക്കേണ്ടവ | ബ്ലോക്ക് കോ ഓർഡിനേറ്റർ ജില്ലാ കോ ഓർഡിനേറ്ററെ ഏല്പിക്കേണ്ടവ | ജില്ലാ കോ ഓർഡിനേറ്റർ കിലയിൽ ഏല്പിക്കേണ്ടവ |
|---|---|---|---|---|---|
| 1 | ബ്ലോക്ക്തലം | ---- | ----- | ഓരോ ബ്ലോക്കിൽ നിന്നും 1, 1A, 7, 8 | ഓരോ ബ്ലോക്കിൽ നിന്നും 1, 1A, 7, 8 എന്നിവയും 1B (ഒരെണ്ണം) യും |
| 2 | തദ്ദേശഭരണ സ്ഥാപന തലം | | ഓരോ തദ്ദേശഭരണ സ്ഥാപനത്തിൽ നിന്നും 2, 2A, 9 | ഓരോ തദ്ദേശഭരണ സ്ഥാപനത്തിൽ നിന്നും 2, 2A, 9 എന്നിവയും 2B (ഒരെണ്ണം)യും | ഓരോ തദ്ദേശഭരണസ്ഥാപനത്തിൽ നിന്നും 2, 2A, 9 എന്നിവയും ഓരോ ബ്ലോക്കിൽ നിന്നുള്ള 2B യും കൂടാതെ 2C (ഒരെണ്ണം) യും |
| 3 | വാർഡ്തലം | ഓരോ വാർഡിൽ നിന്നും 3, 4 | | ഓരോ വാർഡിൽ നിന്നും 3, 4 എന്നിവയും ഓരോ തദ്ദേശഭരണസ്ഥാപനത്തിൽ നിന്നുമുള്ള 3A, 4A എന്നിവയും കൂടാതെ 3B, 4B (ഓരോന്ന് വീതം) എന്നിവയും | ഓരോ വാർഡിൽ നിന്നും 3, 4 എന്നിവയും ഓരോ തദ്ദേശഭരണസ്ഥാപനത്തിൽ നിന്നുമുള്ള 3A, 4A എന്നിവയും ഓരോ ബ്ലോക്കിൽ നിന്നും 3B, 4B എന്നിവയും കൂടാതെ 3C, 4C(ഓരോന്ന് വീതം) എന്നിവയും |

2. മേൽ പറഞ്ഞ പ്രകാരം ഫോറങ്ങൾ ഏല്പിക്കുന്നതോടൊപ്പം വൗച്ചറുകളും ഏല്പിക്കണം
3. ഓരോ തദ്ദേശഭരണസ്ഥാപനത്തിൽ നിന്നുമുള്ള ഫോറം 5, ഏല്പിച്ചിട്ടില്ലാത്ത (പൂർണ്ണമായോ, ഭാഗികമായോ) ബ്ലോക്ക് കോഓർഡിനേറ്റർമാർ 1, 1A, 7, 8 എന്നിവയോടൊപ്പം ഏല്പിക്കാൻ ബാക്കിയുള്ള ഫോറം 5 കൾ കൂടി ഏല്പിക്കണം. ജില്ല കോഓർഡിനേറ്റർമാർ അവ കിലയിൽ ഏല്പിക്കണം
4. എല്ലാ ഫോറങ്ങളും പൂർണ്ണമായി എഴുതിയതും, ഓരോ ഫോറത്തിലും പേരെഴുതി ഒപ്പിടേണ്ടവർ മുഴുവൻ പേരെഴുതി ഒപ്പിടുകയും ചെയ്തെങ്കിൽ മാത്രമെ കിട്ടിയതായി കണക്കാക്കുകയുള്ളൂ. ഭാഗികമായി എഴുതിയവയും, പേരെഴുതി ഒപ്പിടേണ്ടവർ പേരെഴുതി ഒപ്പിടാതിരിക്കുകയും ചെയ്താൽ അവ സ്വീകരിക്കുകയില്ല, മാത്രമല്ല ഏല്പിക്കേണ്ട എല്ലാ ഫോറങ്ങളും ഏല്പിക്കാതിരുന്നാലും ചെലവ് അംഗീകരിക്കുകയില്ല
5. ഓരോ തലത്തിലുമുള്ള പരിശീലനത്തിനും തുക ചെലവഴിക്കാവുന്ന ഇനങ്ങളും ഓരോ ഇനത്തിലും ചെലവഴിക്കാവുന്ന തുകയുടെ പരിധിയും പരിശീലകർക്കുള്ള കൈപ്പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. (പരിശീലകർക്കുള്ള കൈപ്പുസ്തകം പേജ് 21, 22, 23 കാണുക) അതിൽ പറയാത്ത ഇനങ്ങൾക്കോ പറഞ്ഞതിൽ അധികം തുകയോ ചെലവഴിച്ചാൽ അംഗീകരിക്കുകയില്ല.

6. മൈക്ക് സെറ്റ്, ബാനർ, എൽ.സി.ഡി പ്രൊജക്റ്റർ, പേന, പാഡ്, ചായ, ഭക്ഷണം, ഫോട്ടോ സ്റ്റാറ്റ് എന്നിവയ്ക്ക് അച്ചടിച്ച റസീറ്റുകൾ നിർബന്ധമായും വേണം. ടി.എ, ഹോണറേറിയം എന്നിവ നൽകുന്നതിനും ഹാൾ ക്രമീകരണത്തിന് തുക നൽകുയാണെങ്കിൽ അതിനും ഫോറം 10ൽ കൊടുത്ത രശീതി ഉപയോഗിക്കണം.

7. എല്ലാ ചെലവ് രശീതികളിലും തുക നൽകിയ ആൾ **Paid by me** എന്ന് രേഖപ്പെടുത്തി അതിന് താഴെ പേരെഴുതി ഒപ്പിടണം

8. കിലയിൽ നിന്ന് നൽകിയ ഫോറങ്ങൾ അതേ പടി ഉപയോഗിക്കാവുന്നതാണ്. കൂടുതൽ ഷീറ്റുകൾ ആവശ്യമുള്ളവ മാത്രം ഫോട്ടോകോപ്പിയെടുത്താൽ മതി

9. വാർഡ്തല പരിശീലനങ്ങളിൽ പങ്കെടുക്കുന്ന മുഴുവൻ പേർക്കും നിർബന്ധമായും കൈപുസ്തകം നൽകണം. അതിനാവശ്യമായ കൈപുസ്തകങ്ങൾ ബ്ലോക്കുകളിൽ എത്തിക്കുന്നതാണ്. അതാത് തദ്ദേശഭരണസ്ഥാപനത്തിന്റെ വാഹനസൗകര്യം ഉപയോഗപ്പെടുത്തി കൈപ്പുസ്തകങ്ങൾ തദ്ദേശഭരണസ്ഥാപനത്തിൽ എത്തിക്കേണ്ടതാണ്. ഇതിനാവശ്യമായ ക്രമീകരണം ബ്ലോക്ക് കോഓർഡിനേറ്റർ ചെയ്യേണ്ടതാണ്.

10. കിലയിൽ പരിശീലനത്തിൽ പങ്കെടുത്തവർ മാത്രമേ ബ്ലോക്ക്തലത്തിലും തദ്ദേശഭരണസ്ഥാപനത്തിലും ക്ലാസ് എടുക്കാവൂ. വളരെ അനിവാര്യമായി വന്നാൽ മാത്രം ബ്ലോക്ക്തല പരിശീലനത്തിൽ പങ്കെടുത്ത ഏറ്റവും പ്രഗൽഭരെ തദ്ദേശഭരണസ്ഥാപനത്തല പരിശീലനത്തിൽ ക്ലാസ്സുകൾക്ക് നിയോഗിക്കാവുന്നതാണ്.

11. ഓരോ ബ്ലോക്കിലേയും റിസോഴ്സ് ടീം അംഗങ്ങൾ (ഫോറം 7 ൽ പേരുള്ളവർ, അതായത് കിലയിലും ബ്ലോക്ക്തലത്തിലും പരിശീലനത്തിൽ പങ്കെടുത്തവർ) ആ ബ്ലോക്കിൽ ഉൾപ്പെട്ട തദ്ദേശഭരണസ്ഥാപനങ്ങളിലെ വാർഡുകളിൽ മാത്രമെ ക്ലാസ്സ്എടുക്കാവു. എന്നാൽ ഏതെങ്കിലും ബ്ലോക്കിൽ റിസോഴ്സ് ടീം അംഗങ്ങൾ ആവശ്യത്തിനില്ലാത്തതുമൂലം ആ ബ്ലോക്കിലെ കോഓർഡിനേറ്റർ ജില്ലാ കോഓർഡിനേറ്ററോട് ആവശ്യപ്പെട്ടാൽ മാത്രം അടുത്തുള്ള ബ്ലോക്കുകളിൽ നിന്ന് റിസോഴ്സ് പേഴ്സൺമാരുടെ സേവനം ജില്ലാ കോഓർഡിനേറ്റർ സാധ്യമാകും വിധം ലഭ്യമാക്കേണ്ടതാണ്.

12. ബ്ലോക്ക്തല റിസോഴ്സ് ടീം അംഗങ്ങളല്ലാത്തവർ (തദ്ദേശഭരണസ്ഥാപനതല പരിശീലനത്തിൽ പങ്കെടുത്തവർ ഉൾപ്പെടെ) ക്ലാസ്സുകൾ എടുക്കാവുന്നതല്ല. അങ്ങനെ എടുത്താലും അവർക്ക് ടി.എ.യും ഹോണറേറിയവും നൽകാൻ പാടുള്ളതല്ല

മുകളിൽ എഴുതിയ നിർദ്ദേശങ്ങൾ നിർബന്ധമായും പാലിക്കുവാൻ എല്ലാ ബ്ലോക്ക്-ജില്ലാ കോഓർഡിനേറ്റർമാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഡോ.പി.പി.ബാലൻ
ഡയറക്ടർ